## നിയമസഭ നടപടി ചട്ടം 304 പ്രകാരം ശ്രീ. വി.എസ്. ശിവകുമാർ എം.എൽ.എ.യ്ക്ക് 22.01.2021-ന് അനുവദിച്ച സബ്മിഷനുള്ള മറുപടി

തീരദേശ മേഖലയിലെ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുമായ എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ "പുനർഗേഹം" പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കി വരുന്നു. ഇതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം മാറിത്താമസിക്കുന്നതിന് തയ്യാറാകുന്ന കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകി വരുന്നു.

2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം 122 ഗുണഭോക്താക്കൾ ഭൂമി രജിസ്റ്റർ ചെയ്യുകയും അതിൽ 112 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ച് താമസമാകുകയും ചെയ്തിട്ടുണ്ട്. 10 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽപ്പെട്ട 7 പേർ വസ്തു വാങ്ങുകയും 6 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 750 പേരെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 വർഷം BIF & HDF പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തുപരം ജില്ലയിൽ 201 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 126 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ച് താമസമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം നിയോജക മണ്ഡലത്തിൽപ്പെട്ട 4 പേർ വസ്തു രജിസ്റ്റർ ചെയ്യുകയും 3 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത ഭൂരഹിത ഭവന രഹിതരായ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്ന പദ്ധതി പ്രകാരം 26 പേർ സ്ഥലം വാങ്ങുകയും 7 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുയും ബാക്കിയുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

കടൽ ക്ഷോഭം മൂലം വീട് നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ വലിയതുറ, ചെറിയതുറ, വലിയതോപ്പ് എന്നിവിടങ്ങളിലെ 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകി. ഇതിൽ ഓഖിയിൽ വീട് നഷ്ടപ്പെട്ട 5 പേരുടെ കുടുംബങ്ങളും ഉൾപ്പെടുന്നു. വേലിയേറ്റ രേഖയിൽ നിന്നും

50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്നവരെയും പുനരധിവസിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപ്പള്ളി, എന്നിവിടങ്ങളിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. കാരോട് 128 മത്സ്യത്തൊഴിലാളികളെയും ബീമാപ്പള്ളിയിൽ 20 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയമാണ് ഇപ്രകാരം പുനരധിവസിപ്പിക്കുന്നത്. ഓഖിയിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ ബീമാപ്പള്ളിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫ്ളാറ്റിൽ പുനരധിവസിപ്പിക്കുന്നതാണ്. വലിയതുറയിൽ 160 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ മാറിത്താമസിപ്പിക്കേണ്ട 4841 പേരിൽ, 3686 പേരുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി DLAC അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 647 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 423 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 15 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ 10 മത്സ്യ ഗ്രാമങ്ങളിലായി പുനർഗേഹം പദ്ധതിയിൽ 1491 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ മാറിതാമസിക്കാൻ തയ്യാറുള്ള 591 ഗുണഭോക്താക്കൾ DLAC ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. വലിയതുറയിൽ വകുപ്പിനു കൈമാറിക്കിട്ടിയ 2.94 ഏക്കർ സ്ഥലത്ത് 160 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ടി സ്ഥലത്തും ഫ്ളാറ്റ് നിർമ്മാണം നടത്തുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ 13 ഗുണഭോക്താക്കൾ സ്വന്തമായി സ്ഥലം കണ്ടെത്തുകയും, വസ്തുവാങ്ങി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവരുടെ വീടുകൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങ ളിലാണ്. പുനർഗേഹം പദ്ധതി പൂർത്തിയാകുന്നത് വഴി തിരുവനന്തപുരം നിയോജകമ ണ്ഡലത്തിലെ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയും.

തിരുവനന്തപുരത്തെ തീരദേശ മേഖലയിൽ തീരസംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1957.43 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കിഫ്ബി ധനസഹായത്തോടെയുള്ള പൂന്തുറ, വലിയതുറ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയുടെ നിർമ്മാണം ഫെബ്രുവരി മാസത്തിൽ ആരംഭിക്കുന്നതാണ്.

J MERCYKUTTY AMMA
Minister for Fisheries, Harbour Engineering
and Cashew Industry
Government Secretariat, Thiruvananthapuram